(ബി) പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും ഖാദി-കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രചരണം സംഘടിപ്പിക്കുമോ ?

ഉത്തരം

(എ) 20-7-2009-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 957/2009/വ്യവ. പ്രകാരം സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരിക്കൽ കൈത്തറി-ഖാദി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട പരസ്യനോട്ടീസുകൾ വിവിധ സർക്കാർ ഓഫീസുകളിൽ നൽകിയിട്ടുണ്ട്. ആയതിന്റെ ഫലമായി സർക്കാർ ജീവനക്കാർ കൂടുതലായി ഖാദി/കൈത്തറി വസ്ത്രങ്ങൾ ഉപയോഗിച്ചുവരുന്നു.

(ബി) ഇത്തരം പ്രചരണങ്ങൾ സംഘടിപ്പിച്ചുവരുന്നു. വിവിധ മേളകൾ സംഘടിപ്പിക്കുന്നതിലൂടെ ഖാദി/കൈത്തറി ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

കൈത്തറി തുണിനെയ്ത്ത് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

177 (2207) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കൈത്തറി തുണിനെയ്ത്ത് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് കൈത്തറി വ്യവസായം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) അവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പാക്കേജ് ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. 20% റിബേറ്റ് നൽകുന്നു.

3. മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.

4. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം കൈത്തറി ധരിക്കണമെന്ന നിർദ്ദേശം നൽകി.

5. കൈത്തറി വസ്ത്രങ്ങളുടെ പ്രദർശനമേളകൾ നടത്തുന്നു.

6. കയറ്റുമതി പ്രോത്സാഹനം നൽകിവരുന്നു.

7. സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകിവരുന്നു.

8. പ്രാദേശിക ബ്രാന്റുകളുടെ വികസനത്തിനുള്ള നടപടികൾ എടുത്തുവരുന്നു.

9. ഭൗമസൂചക രജിസ്ട്രേഷൻ നടപടി എടുത്തുവരുന്നു.

10. നെയ്ത്തുകാർക്ക് വിദ്ഗ്ദ്ധ പരിശീലനം നൽകുന്നു.

11. കേന്ദ്ര സർക്കാരിന്റെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

12. യന്ത്രത്തറിയായി ഉയർത്തലും ഫാക്ടറി മാതൃകാ സംഘങ്ങളുടെ ആധുനികവൽക്കരണവും നടപ്പിലാക്കുന്നു.

13. പ്രീലും പ്രോസസിംഗ് സെന്റർ സ്ഥാപിക്കുന്നതിനും സഹായം നൽകുന്നു.

14. കൈത്തറി നെയ്ത്തുകാരുടെ/തൊഴിലാളികളുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിനും സഹായം നൽകിവരുന്നു.

(ബി) കണ്ണൂർ, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് കൈത്തറി വ്യവസായം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നത്.

(സി) പാലക്കാട് ജില്ലയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട്.

1. കുഴൽമന്ദം കൈത്തറി നെയ്ത്തു സഹകരണ സംഘം, പുൽപ്പുരമണ്ണ, കുഴൽമന്ദം, ആലത്തൂർ.

2. പുതുക്കാട് ഹരിജൻ ക്ഷേമ കൈത്തറി നെയ്ത്ത് സഹകരണ സംഘം, പുതുക്കാട്, ആലത്തൂർ.

LIBRARY ARCHIVES Kerala Legislative Assembly

3. മേലാർക്കോട് കൈത്തറി നെയ്ത്തു സഹകരണസംഘം, മേലാർക്കോട്, ആലത്തൂർ.

4. പുതുക്കോട് കൈത്തറി നെയ്ത്തു സഹകരണസംഘം, പുതുക്കോട്, ആലത്തൂർ.

5. കള്ളമല ഗിരിവർഗ്ഗ കൈത്തറി നെയ്ത്തു സഹകരണസംഘം, കള്ളമല, മണ്ണാർക്കാട്.

6. ഗാന്ധിജി സ്മാരക കൈത്തറി നെയ്ത്തു സഹകരണസംഘം, കുന്നത്തുപാളയം, ചിറ്റൂർ.

7. തത്തമംഗലം കൈത്തറി നെയ്ത്തു സഹകരണസംഘം, തത്തമംഗലം, ചിറ്റൂർ.

8. പെരുവെമ്പ് കൈത്തറി നെയ്ത്തു സഹകരണസംഘം, പെരുവെമ്പ്, പാലക്കാട്.

9. നെന്മാറ കൈത്തറി നെയ്ത്തു സഹകരണസംഘം, നെന്മാറ, ചിറ്റൂർ.

10. കണിയാമ്പുറം കൈത്തറി നെയ്ത്തു സഹകരണസംഘം, കണിയാമ്പുറം, ഒറ്റപ്പാലം.

11. കരിമ്പുഴ കൈത്തറി നെയ്ത്തു സഹകരണസംഘം, കരിമ്പുഴ, ഒറ്റപ്പാലം.

12. അയ്യങ്കാളി സ്മാരക (എസ്.സി.) കൈത്തറി നെയ്ത്തു സഹകരണസംഘം, മാടച്ചിപ്പാടം, രാമശ്ശേരി, പി.ഒ., പാലക്കാട്.

13. പട്ടിത്തറ (എസ്.സി) കൈത്തറി നെയ്ത്തു സഹകരണസംഘം, പട്ടിത്തറ, ഒറ്റപ്പാലം.

14. നെടുമങ്ങാട് (എസ്.സി.) കൈത്തറി നെയ്ത്തു സഹകരണ സംഘം, നെടുമങ്ങാട്.

15. പെരുവെമ്പ് (എസ്.സി.) കൈത്തറി നെയ്ത്തു സഹകരണ സംഘം, പെരുവെമ്പ്, പാലക്കാട്.

(ഡി) പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly